(ബി) 4-5-2015 മുതൽ നിലവിൽ വന്നു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) യാത്രാബത്ത നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്.

**കുളക്കട സ്കിൽ പാർക്ക് നിർമ്മാണം**

134 (822) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'അസാപ്' പ്രകാരമുള്ള കൊല്ലം ജില്ലയിലെ കൊട്ടാരക്കര കുളക്കട സ്കിൽ പാർക്ക് നിർമ്മാണത്തിന്റെ അടങ്കൽ തുക എത്രയാണ്;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചോ; നിർമ്മാണം ആരാണ് ഏറ്റെടുത്തിരിക്കുന്നത്; നിർമ്മാണം പൂർത്തീകരിക്കാനുള്ള കാലയളവ് എത്രയാണ്;

(സി) പ്രസ്തുത പാർക്ക് നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;വ്യക്തമാക്കുമോ?

ഉത്തരം

(എ) 10,04,10,367 രൂപ.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ 26-2-2016-ന് ക്ഷണിക്കുകയും 15-4-2016-ന് ടെണ്ടർ തുറക്കുകയും ചെയ്തു. യോഗ്യരായവർ ഇല്ലാത്ത സാഹചര്യത്തിൽ റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിർമ്മാണം പൂർത്തീകരിക്കാനുള്ള കാലയളവ് 12 മാസമാണ്.

(സി) റീ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനുശേഷം 2 മാസത്തിനകം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷ.

**കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം**

135(823) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത നിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നത് എന്ന് മുതൽക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര നിയമത്തിനു വിരുദ്ധമായി സംസ്ഥാനത്ത് അനധികൃത വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാണോ;

(സി) വിദ്യാഭ്യാസ അവകാശ നിയമത്തിന് വിരുദ്ധമായും മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) അനധികൃത വിദ്യാലയങ്ങൾക്ക് അംഗീകാര നൽകുന്ന നടപടി സർക്കാർ വിദ്യാലയങ്ങളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുമെന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം 1-4-2010 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

(ബി) സംസ്ഥാനത്ത് അനധികൃത വിദ്യാലയങ്ങൾ പ്രവൃത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(സി) വിദ്യാഭ്യാസ അവകാശം നിയമത്തിന് വിരുദ്ധമായും മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്കൊന്നിനും അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നില്ല.

(ഡി) അനധികൃത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നത് സമീപ പ്രദേശങ്ങളിലെ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇവിടങ്ങളിലെ കുട്ടികളുടെ എണ്ണത്തിൽ കുറവു വരികയും തന്മൂലം അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെടുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ**

136(824) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> :
<u>ശ്രീ. മഞ്ഞളാംകുഴി അലി</u> :

LIBRARY ARCHIVES Kerala Legislative Assembly